## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2108 — 26.03.2013 ൽ മറുപടിയ്ക്ക്

### മോട്ടോർ വാഹന വകുപ്പിൽ തസ്തികമാറ്റം വഴിയുള്ള നിയമനം

ചോദ്യം

ശ്രീമതി പി. അയിഷാ പോറ്റി:

ഉത്തരം

ശ്രീ.ആര്യാടൻ മുഹമ്മദ്

(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പിൽ തസ്തിക മാറ്റം വഴിയുള്ള നിയമനം ഏത് വിഭാഗം ജീവനക്കാർക്കാണ് നൽകുന്നത്; | (എ) | കുറഞ്ഞത് മൂന്ന് വർഷം സർവ്വീസ് ഉള്ള നിശ്ചിത യോഗ്യതയുള്ള മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്കാണ് തസ്തികമാറ്റം വഴി എ.എം.വി.ഐ. ആയി നിയമനം ലഭിക്കാൻ യോഗ്യതയുള്ളത്. |
| (ബി) | നേരിട്ടുള്ള നിയമനവും തസ്തിക മാറ്റം വഴിയുള്ള നിയമനവും തമ്മിലുള്ള അനുപാതം നിലവിൽ എത്രയാണ് ; | (ബി) | 4 : 1 |
| (സി) | തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന് വേണ്ട യോഗ്യതകൾ എന്തെല്ലാമാണ് ; | (സി) | തസ്തിക മാറ്റം വഴി നിയമനം ലഭിക്കാൻ വേണ്ട യോഗ്യതകൾ ചുവടെ ചേർക്കുന്നു.<br>1. എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.<br>2. മെക്കാനിക്കൽ അല്ലെങ്കിൽ ഓട്ടോമൊബൈൽ എഞ്ചിനീയറിംഗിൽ സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ ബോർഡ് നൽകുന്ന ത്രിവത്സര ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.<br>3. ഡിപ്ലോമ കരസ്ഥമാക്കിയതിന് ശേഷം അംഗീകൃത വർക്ക്ഷോപ്പിൽ നിന്നും LMV, HGV, HPV (പെട്രോളിലും ഡീസലിലും പ്രവർത്തിക്കുന്ന) വാഹനങ്ങൾ റിപ്പയർ ചെയ്യുന്നതിന് നേടിയ ഒരു വർഷ വർക്കിംഗ് എക്സ്പീരിയൻസ്.<br>4. മോട്ടോർ സൈക്കിൾ, ഹെവി വാഹനങ്ങൾ എന്നിവ ഓടിക്കാൻ വേണ്ട സാധുതയുള്ള ഡ്രൈവിംഗ് |

<table>
<tr><td></td><td></td><td></td><td>ലൈസൻസ്.<br><br>5. ശാരീരിക ക്ഷമത കൂടാതെ താഴെ പറയുന്ന ശാരീരിക യോഗ്യതകളും ഉണ്ടായിരിക്കേണ്ടതാണ്.<br>എ) പുരുഷന്മാർക്ക് കുറഞ്ഞത് 165 സെ.മി. ഉയരം / സ്ത്രീകൾക്ക് 152 സെ.മി. ഉയരം<br>ബി) നെഞ്ചളവ് പുരുഷന്മാർക്ക് കുറഞ്ഞത് 81 സെ.മി. കൂടാതെ കുറഞ്ഞത് 5 സെ.മി. വികാസം (സ്ത്രീകൾക്ക് ഇത് ബാധകമല്ല). പട്ടികജാതി / വർഗ്ഗ വിഭാഗക്കാർക്ക് ഉയരത്തിൽ 5 സെ.മി (പുരുഷന്മാർ), 2 സെ.മി. (സ്ത്രീകൾ) ഇളവ് അനുവദിച്ചിട്ടുണ്ട്. ഇവർക്ക് കണ്ണട ധരിക്കാതെ വേണ്ട കാഴ്ച ശക്തി ചുവടെ പറയുന്നു.<br><table><tr><td>ദൃഷ്ടി</td><td>വലതു കണ്ണ്</td><td>ഇടതു കണ്ണ്</td></tr><tr><td>ദീർഘ ദൃഷ്ടി</td><td>6/6 സ്നെല്ലൻ</td><td>6/6 സ്നെല്ലൻ</td></tr><tr><td>ഹ്രസ്വ ദൃഷ്ടി</td><td>0.5 സ്നെല്ലൻ</td><td>0.5 സ്നെല്ലൻ</td></tr></table>രണ്ടു കണ്ണുകൾക്കും പൂർണ്ണമായ ഫീൽഡ് കാഴ്ച, കോങ്കണ്ണ്, വർണ്ണാന്ധത മറ്റ് നേത്ര രോഗങ്ങൾ എന്നിവ പാടില്ല.<br><br>ശാരീരിക വൈകല്യങ്ങൾ ഒന്നും പാടില്ല.<br><br>6. അക്കൗണ്ട് ടെസ്റ്റ് (ലോവർ), മോട്ടോർ വാഹന ചട്ടങ്ങളെക്കുറിച്ചുള്ള ഡിപ്പാർട്ട്മെന്റ് പരീക്ഷ എന്നിവ പാസ്സായിരിക്കണം.<br>7. മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ കുറഞ്ഞത് മൂന്ന് വർഷത്തെ പരിചയം.</td></tr>
<tr><td>(ഡി)</td><td>തസ്തികമാറ്റം വഴിയുള്ള നിയമനത്തിലെ നിലവിലുള്ള അനുപാതം വർദ്ധിപ്പിക്കാൻ ആലോചിക്കുന്നുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;</td><td>(ഡി)</td><td>പരിഗണനയിലില്ല</td></tr>
</table>

| | | | |
|---|---|---|---|
| (ഇ) | തസ്തിക മാറ്റം വഴിയുള്ള നിയമനത്തിൽ മോട്ടോർ വാഹന വകുപ്പിൽ ഏതെങ്കിലും വിഭാഗം ജീവനക്കാരെ പുതിയതായി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ഇ) | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് മിനിസ്റ്റീരിയൽ വിഭാഗത്തിൽ യോഗ്യതയുള്ള ജീവനക്കാരില്ലാത്ത പക്ഷം ടി നിയമനത്തിന് മോട്ടോർ വാഹന വകുപ്പിലെ നിശ്ചിതയോഗ്യതയുള്ള ക്ലാസ്സ് ഫോർ ജീവനക്കാരെ കൂടി പരിഗണിക്കുന്നതിനായി സ്പെഷ്യൽ റൂൾ പരിഷ്കരിക്കുന്നതിനുള്ള ഒരു നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ